**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1455** **14-03-2022 - ൽ മറുപടിയ്ക്ക്**

**ദുരന്ത നിവാരണ സംവിധാനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. സജീവ് ജോസഫ് | | null<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പ്രളയവും ഉരുൾപൊട്ടലും മണ്ണൊലിപ്പും അടക്കമുള്ള പ്രകൃതി ദുരന്തങ്ങൾ കൂടിവരുന്ന സാഹചര്യത്തിൽ സിൽവർ ലൈൻ പോലുള്ള വൻകിട പദ്ധതികൾ സംസ്ഥാനത്തിന്റെ ദുരന്ത സാധ്യത വർദ്ധിപ്പിക്കും എന്നത് വസ്തുതയാണോ; | (എ) | അല്ല. |
| (ബി) | സംസ്ഥാനത്ത് പ്രകൃതി ദുരന്തങ്ങൾ തുടർക്കഥയാകുന്ന സാഹചര്യത്തിൽ സിൽവർ ലൈൻ പോലുള്ള വൻകിട പദ്ധതികൾ സംസ്ഥാനത്തിന്റെ ദുരന്ത നിവാരണ സംവിധാനങ്ങളെ എതെല്ലാം തരത്തിൽ ബാധിക്കും എന്നതിനെക്കുറിച്ച് പഠനങ്ങൾ നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ബി) | ഓരോ പ്രോജക്ടും ദുരന്ത നിവാരണ സംവിധാനങ്ങളെ എങ്ങനെ ബാധിക്കുമെന്ന് പ്രത്യേകം പഠിക്കാനുള്ള സംവിധാനമില്ല. എന്നാൽ എല്ലാ പദ്ധതികളും ആദ്യ ഘട്ടത്തിൽ സാമൂഹിക ആഘാത പഠനം നടത്തുകയും പൊതുജന അഭിപ്രായം തേടുകയും ചെയ്യും. ഈ പഠനത്തിന് ശേഷം വിദഗ്ധ സമിതി ഇക്കാര്യങ്ങൾ പരിശോധിക്കും. അതിനു ശേഷം മാത്രമാണ് ഭൂമി ഏറ്റെടുക്കൽ നടപടികൾ ഉൾപ്പടെ ആരംഭിക്കുക. സിൽവർ ലൈൻ സ്ഥലം ഏറ്റെടുക്കുന്നതിന്റെ നടപടികളും ഇങ്ങനെയാണ് പൂർത്തീകരിക്കേണ്ടത്. അതുകൊണ്ട് തന്നെ പ്രസ്തുത കാര്യങ്ങളെല്ലാം ഇതു വഴി പരിശോധിക്കപ്പെടും. |
| (സി) | സിൽവർ ലൈൻ പോലുള്ള പദ്ധതികളുമായി സർക്കാർ മുന്നോട്ടുപോകുമ്പോൾ ഇവ പ്രകൃതി ദുരന്തങ്ങൾക്ക് ആക്കം കൂട്ടില്ല എന്ന് ഉറപ്പു വരുത്താൻ ദുരന്ത നിവാരണ വകുപ്പ് എന്തൊക്കെ സജ്ജീകരണങ്ങളും സംവിധാനങ്ങളുമാണ് ഒരുക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; ഇതിനായി എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ എന്ന് അറിയിക്കാമോ ? | (സി) | ദുരന്ത ആഘാത സാധ്യത എന്നത് വികസന പ്രക്രിയയിൽ മുഖ്യധാരാവൽകരിക്കുന്നതിന്റെ ഭാഗമായി, പദ്ധതികൾ നിർദ്ദേശിക്കുന്ന സ്ഥാപനങ്ങൾ ദുരന്തനിവാരണ പദ്ധതിയുടെ അനുബന്ധം II - Checklist for detailed natural disaster impact assesmentപൂരിപ്പിക്കണമെന്നും പദ്ധതികൾ തയ്യാറാക്കുമ്പോൾ ഇത് കൂടി പരിഗണിക്കണം എന്നും സംസ്ഥാന ദുരന്ത നിവാരണ പദ്ധതി- 2016ൽ പരാമർശിച്ചിട്ടുണ്ട്. ഒരു പ്രത്യേക പദ്ധതിക്ക് മാത്രമായിയുള്ള ദുരന്ത പ്രതികരണ തയ്യാറെടുപ്പ് പ്രവർത്തനങ്ങൾ അല്ല ദുരന്ത നിവാരണ വകുപ്പ് നടപ്പാക്കേണ്ടത്. All Disaster Centric Approach ആണ് വേണ്ടത്. ഓരോ പദ്ധതിയും |

| | | | |
|---|---|---|---|
| | | | തയ്യാറാക്കുമ്പോൾ തന്നെ അവയോട് അനുബന്ധിച്ച ദുരന്ത സാധ്യതാ ലഘൂകരണവും, പ്രതികരണ സംവിധാനവും രൂപീകരിക്കേണ്ടതാണ്. |

സെക്ഷൻ ഓഫീസർ